തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**
വാക്കാട്, മലപ്പുറം - 676 502, ഫോൺ : 0494 2631230

നം. 1619/പിഎച്ച്.ഡി./എസ്.ഒ./2023. **തീയതി: 04.01.2025**

# പിഎച്ച്.ഡി. പ്രോഗ്രാമുകളിലേക്ക് അപേക്ഷ ക്ഷണിക്കുന്നു

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയിലെ വിവിധ സ്കൂളുകളിൽ 2024-2025 അദ്ധ്യയന വർഷം ആരംഭിക്കുന്ന പിഎച്ച്.ഡി. പ്രോഗ്രാമുകളിലേക്ക് അപേക്ഷ ക്ഷണിക്കുന്നു.

| | സ്കൂളുകൾ | ഒഴിവുകളുടെ എണ്ണം |
|---|---|---|
| 1. | ഭാഷാശാസ്ത്രസ്കൂൾ | 1 |
| 2. | സാഹിത്യരചനസ്കൂൾ | 3 |
| 3. | സംസ്കാരപൈതൃകപഠനസ്കൂൾ | 5 |
| 4. | പരിസ്ഥിതിപഠനസ്കൂൾ | 3 |
| 5. | വികസനപഠനസ്കൂൾ | 2 |
| 6. | സോഷ്യോളജി സ്കൂൾ | 2 |
| 7. | ചലച്ചിത്രപഠനസ്കൂൾ | 2 |

**യോഗ്യത:**

| ക്രമ നം. | വിഷയം | സ്കൂൾ | അടിസ്ഥാനയോഗ്യത |
|---|---|---|---|
| 1 | ഭാഷാശാസ്ത്രം | ഭാഷാശാസ്ത്രസ്കൂൾ | എം.എ. ഭാഷാശാസ്ത്രം |
| 2 | മലയാളം | സാഹിത്യരചനസ്കൂൾ | * എം.എ. മലയാളം |
| 3 | മലയാളം | സംസ്കാരപൈതൃക പഠനസ്കൂൾ | * എം.എ. മലയാളം |
| | സംസ്കാരപൈതൃക പഠനം | സംസ്കാരപൈതൃക പഠനസ്കൂൾ | എം.എ. സംസ്കാരപൈതൃകപഠനം, എം.എ. ഫോക്‌ലോർ |

*(തുടർച്ച.....2)*

* എം.എ. മലയാളം (സാഹിത്യരചന), എം.എ. മലയാളം (സാഹിത്യപഠനം), എം.എ. മലയാളം (സംസ്കാരപൈതൃകം) ഈ മൂന്നു പ്രോഗ്രാമുകളും എം.എ. മലയാളം പ്രോഗ്രാമായി പരിഗണിക്കുന്നതാണ്.

| ക്രമ നം. | വിഷയം | സ്കൂൾ | അടിസ്ഥാനയോഗ്യത |
|---|---|---|---|
| 4 | പരിസ്ഥിതിപഠനം | പരിസ്ഥിതിപഠനസ്കൂൾ | പരിസ്ഥിതിപഠനം, പരിസ്ഥിതി ശാസ്ത്രം, എം.ടെക് എൻവയോൺമെന്റൽ എഞ്ചിനീയറിംഗ്<br>(പരിസ്ഥിതി മലിനീകരണവും നിയന്ത്രണവും, ജലഗുണനിലവാരവും ആരോഗ്യവും, ഖരമാലിന്യപരിപാലനം എന്നീ ഗവേഷണ മേഖലകളിലാണ് നിലവിലെ ഒഴിവുകൾ) |
| 5 | വികസനപഠനം | വികസനപഠനസ്കൂൾ | എം.എ. തദ്ദേശവികസനപഠനം, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, ഡവലപ്മെന്റ് സ്റ്റഡീസ്, റൂറൽ ഡവലപ്മെന്റ്, എം.എസ്. ഡബ്ല്യു. |
| 6 | സോഷ്യോളജി | സോഷ്യോളജി സ്കൂൾ | എം.എ. സോഷ്യോളജി |
| 7 | ചലച്ചിത്രപഠനം | ചലച്ചിത്രപഠനസ്കൂൾ | എം.എ. (ചലച്ചിത്രപഠനം, സിനിമ/ അനുബന്ധവിഷയങ്ങൾ) |

മേൽപറഞ്ഞ വിഷയങ്ങളിൽ 55% മാർക്ക് നേടിയിരിക്കണം. ഒ.ബി.സി. (നോൺക്രീമിലെയർ)/ പട്ടികജാതി/പട്ടികവർഗ/ഭിന്നശേഷി വിഭാഗങ്ങളിലുള്ളവർക്ക് 50% മാർക്ക് മതിയാകും. മാർക്ക് കണക്കാക്കുമ്പോൾ യാതൊരുവിധ ഗ്രേസ് മാർക്കും പരിഗണിക്കുന്നതല്ല.

**പ്രവേശനപ്പരീക്ഷ:** 2025 ജനുവരി അവസാന വാരം തിരൂരിലെ മലയാളസർവകലാശാല ആസ്ഥാനത്ത് നടത്തുന്നതായിരിക്കും. പരീക്ഷാ തീയതി പിന്നീട് അറിയിക്കുന്നതാണ്. പ്രവേശനപ്പരീക്ഷയിൽ കുറഞ്ഞത് 50% മാർക്ക് നേടിയവരെ മാത്രമേ പ്രവേശനത്തിന് പരിഗണിക്കുകയുള്ളൂ. എസ്.സി./ എസ്.ടി./ഒ.ബി.സി. (ഡബ്ല്യു.എൽ.സി.) ഭിന്നശേഷിക്കാർ എന്നിവർക്ക് പ്രവേശനപരീക്ഷയിൽ 5% മാർക്ക് ഇളവ് അനുവദിക്കുന്നതാണ്. ജെ.ആർ.എഫ്/നെറ്റ്/യു.ജി.സി. പിഎച്ച്.ഡി. പ്രവേശന യോഗ്യത നേടിയവർ/തത്തുല്യ യോഗ്യത നേടിയവർ എം.ഫിൽ ബിരുദമുള്ളവർ പ്രവേശനപ്പരീക്ഷ എഴുതേണ്ടതില്ല. എന്നാൽ അവരും നിശ്ചിതരീതിയിൽ യഥാസമയം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

**അപേക്ഷ:**

- അപേക്ഷ ഓൺലൈനായി അയക്കാവുന്നതാണ്. അപേക്ഷാ ഫീസായ 600/- രൂപ സർവകലാശാലയുടെ www.malayalamuniversity.edu.in എന്ന വെബ്സൈറ്റിലെ എസ്.ബി.ഐ e-collect ലിങ്ക് വഴി അടക്കാവുന്നതാണ്. പട്ടികജാതി/പട്ടികവർഗ/ഒ.ബി.സി. (നോൺ ക്രീമിലെയർ)/ ഭിന്നശേഷി വിഭാഗങ്ങളിലെ അപേക്ഷകർക്ക് 210 രൂപയാണ് ഫീസ്. ഒരു തവണ അടച്ച തുക യാതൊരു കാരണവശാലും തിരിച്ചുനൽകുന്നതല്ല.

*(തുടർച്ച.....3)*

- അപേക്ഷാഫോറവും വിശദവിവരങ്ങളും www.malayalamuniversity.edu.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

- ഒഴിവുള്ള പിഎച്ച്.ഡി. സീറ്റുകളിൽ സംവരണക്രമം പാലിച്ച് പ്രവേശനം നടത്തുന്നതായിരിക്കും. പൂർണസമയ ഗവേഷകരിൽ ജെ.ആർ.എഫ്. നേടിയവർക്ക് മുൻഗണനയുണ്ടായിരിക്കും. ബാക്കി വരുന്ന ഒഴിവുകളിൽ എം.ഫിൽ/നെറ്റ്/യു.ജി.സി.-പിഎച്ച്.ഡി. പ്രവേശന യോഗ്യത നേടിയവർ/ പ്രവേശന പരീക്ഷ എഴുതിയവർ എന്നിവരെ ഒറ്റവിഭാഗത്തിൽ ഉൾപ്പെടുത്തി പ്രവേശനം നൽകുന്നതായിരിക്കും.

- UGC-JRF, UGC-NET, UGC പിഎച്ച്.ഡി. പ്രവേശനം/എം.ഫിൽ/പ്രവേശനപരീക്ഷ/മറ്റ് തത്തുല്യ യോഗ്യതകൾ എന്നിവയിലേതെങ്കിലും ഒന്ന് നേടിയവരെ അഭിമുഖത്തിന് ക്ഷണിക്കുന്നതും അതിന്റെ അടിസ്ഥാനത്തിൽ അന്തിമ പട്ടിക തയ്യാറാക്കുന്നതുമായിരിക്കും. അന്തിമ പട്ടികയിൽ ഉൾപ്പെടുന്നവരെ നിലവിലുള്ള ഒഴിവുകളിൽ സംവരണക്രമം പാലിച്ച് പ്രവേശനം അനുവദിക്കും.

- സർവകലാശാല/സർക്കാർ/എയ്ഡഡ് സ്കൂൾ - കോളേജ് അദ്ധ്യാപകർ, അർദ്ധ സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥിരം ജീവനക്കാർ എന്നിവർക്കു മാത്രമേ ഭാഗിക ഗവേഷണത്തിന് അർഹതയുള്ളൂ.

- പിഎച്ച്.ഡി.യുടെ കാലാവധി ആറുമാസത്തെ കോഴ്സ് വർക്ക് ഉൾപ്പെടെ പൂർണസമയ ഗവേഷകർക്ക് പരമാവധി 5 വർഷവും ഭാഗിക ഗവേഷകർക്ക് 6 വർഷവും ആയിരിക്കും. ഭാഗിക ഗവേഷകരും 6 മാസത്തെ കോഴ്സ് വർക്ക് പൂർണസമയ ഗവേഷകർക്കൊപ്പം പൂർത്തിയാക്കേണ്ടതാണ്. ഭാഗികഗവേഷണത്തിനർഹതയുള്ള സർക്കാർ, അർദ്ധസർക്കാർ ജീവനക്കാർ പ്രസ്തുത കാലയളവിൽ ഓഫീസിൽ ഹാജരായിട്ടില്ല എന്നുകാണിക്കുന്ന സാക്ഷ്യപത്രം ബന്ധപ്പെട്ട സ്ഥാപന മേധാവിയിൽ നിന്നും വാങ്ങി കോഴ്സ് വർക്ക് പരീക്ഷയുടെ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. പ്രബന്ധസമർപ്പണത്തിന് ഏറ്റവും കുറഞ്ഞ സമയം പൂർണസമയ ഗവേഷകർക്ക് 3 വർഷവും ഭാഗികഗവേഷകർക്ക് 4 വർഷവും ആയിരിക്കും.

- അർഹരായ പൂർണസമയ ഗവേഷകർക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സർവകലാശാലാ ഫെല്ലോഷിപ്പ് അനുവദിക്കുന്നതാണ്.

- പൂർണസമയ ഗവേഷകർക്ക് ലഭ്യതയുടെ അടിസ്ഥാനത്തിൽ ഹോസ്റ്റൽ സൗകര്യം അനുവദിക്കുന്നതാണ്.

- **അപേക്ഷ സർവകലാശാലയിൽ ലഭിക്കേണ്ട അവസാന തീയതി: 2025 ജനുവരി 20**

- ഹാൾടിക്കറ്റ് ഇ-മെയിലായിട്ടായിരിക്കും അയയ്ക്കുക.

- സർവകലാശാല നിലവിൽ പ്രസിദ്ധീകരിച്ചിട്ടുള്ള പിഎച്ച്.ഡി. ചട്ടത്തിൽ ആവശ്യാനുസരണം ഭേദഗതി വരുത്തുവാൻ വൈസ് ചാൻസലർക്കുള്ള പരമാധികാരത്തെ ഉപയോഗിച്ചുകൊണ്ടും നിർവാഹകസമിതിയുടെ അനുമതിക്കു വിധേയമായിക്കൊണ്ടുമാണ് ഈ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്.

- പ്രവേശനത്തെ സംബന്ധിച്ച് ഈ വിജ്ഞാപനത്തിൽ പരാമർശിക്കാത്ത ഏതു വിഷയത്തെ സംബന്ധിച്ചും സർവകലാശാലയുടെ തീരുമാനം അന്തിമമായിരിക്കും.

**രജിസ്ട്രാർ ഇൻ ചാർജ്**